(ഡി) ക്വട്ടേഷൻ സമർപ്പിച്ച "സെൽക്കോ" എന്ന കമ്പനിയുടെ ബാറ്ററികൾ ഗുണനിലവാരമുള്ളതല്ലെന്ന കാരണത്താൽ അവരുടെ ക്വട്ടേഷൻ ആദ്യം നിരാകരിച്ചുവോ ;

(ഇ) ഇവർ ക്വാട്ടു ചെയ്തെങ്കിലും 15% തുക വർദ്ധിപ്പിച്ച ക്വട്ടേഷൻ അവർക്ക് നൽകുകയുണ്ടായോ ; എങ്കിൽ എന്തുകൊണ്ടാണെന്നു അറിയിക്കുമോ ;

(എഫ്) ഈ ഇടപാടിൽ 4 കോടിയുടെ നഷ്ടമുണ്ടായതായി വിജിലൻസ് കണ്ടെത്തുകയുണ്ടായോ ;

(ജി) ഈ ഇടപാടിൽ അഴിമതി നടന്നതായ ആരോപണമുണ്ടായിട്ടുണ്ടോ ;

(എച്ച്) എങ്കിൽ അഴിമതി നടത്തിയവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഐ) ഒരു നടപടിയും സ്വീകരിക്കാത്തപക്ഷം കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം കൃത്യമായി ശേഖരിച്ചു തരുന്നതാണ്.

(ബി) 21-4-1997 മുതൽ 3-11-1998 വരെയും 28-4-99 മുതൽ 27-4-2000 വരെയും റേറ്റ് കോൺട്രാക്ട് നൽകിയിരുന്ന സെൽക്കോ ഇൻഡസ്ട്രീസ്, കൊടുങ്ങല്ലൂർ എന്നീ സ്ഥാപനത്തിന്റെ ബാറ്ററികളാണ് റേറ്റ് കോൺട്രാക്ട് പ്രകാരം വാങ്ങിയിട്ടുള്ളത്.

(സി-ഐ) എം.റ്റി. ബാറ്ററിക്ക് റേറ്റ് കോൺട്രാക്ട് നൽകുന്നത് ടെണ്ടർ വിളിച്ചാണ്. ചിലപ്പോൾ ടെണ്ടറുകൾ പരിശോധിച്ച് തീരുമാനമാകാൻ കാലതാമസം ഉണ്ടാകുമ്പോൾ മുൻ റേറ്റ് കോൺട്രാക്ട് തൽക്കാലത്തേക്ക് നീട്ടിക്കൊടുക്കാറുണ്ട്. 1998-99 മുതൽ 1999-2000 വരെയുള്ള എം.റ്റി. ബാറ്ററിയുടെ റേറ്റ് കോൺട്രാക്ട് സംബന്ധിച്ച് ലോകായുക്തയിൽ ലഭിച്ച പരാതി സംബന്ധിച്ച അന്വേഷണത്തിനും അനന്തര നടപടികൾക്കുമായി ബന്ധപ്പെട്ട രേഖകൾ വിജിലൻസ് ഡയറക്ടർ വഴി ലോകായുക്തയിൽ നൽകിയിരിക്കുകയാണ്. പ്രസ്തുത കേസ് ഇപ്പോഴും തീർപ്പായിട്ടില്ല. രേഖകൾ തിരിച്ച് ലഭിച്ചാലേ ചോദ്യങ്ങൾക്ക് പൂർണ്ണമായ മറുപടി നൽകാനാകുകയുള്ളൂ.

വിൽപ്പന നികുതി വരവ്

59 (1290) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ സാമ്പത്തിക വർഷവും കിട്ടിയിട്ടുള്ള വിൽപ്പന നികുതി വരവ് എത്രയാണ് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മുൻ സർക്കാരിന്റെ കാലഘട്ടത്തേക്കാൾ വിൽപ്പന നികുതി വരവ് വർദ്ധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ സാമ്പത്തിക വർഷവും കിട്ടിയിട്ടുള്ള വിൽപ്പന നികുതിയുടെ വരവ് താഴെ ചേർക്കുന്നു.

വർഷം	തുക (കോടിയിൽ)
1996-97	2772.28
1997-98	3084.09
1998-99	3366.62
1999-2000	3853.54

2000-2001 സാമ്പത്തിക വർഷത്തെ കണക്ക് 31-3-2001 ന് ശേഷം മാത്രമേ ലഭ്യമാകു.

(ബി) ഉണ്ട്.

(സി) മുൻ സർക്കാരിന്റെ കാലത്ത് ഓരോ സാമ്പത്തിക വർഷത്തിലും വിൽപ്പന നികുതിയിനത്തിൽ പിരിഞ്ഞു കിട്ടിയ തുകയുടെ കണക്ക് താഴെ കൊടുക്കുന്നു.

വർഷം	തുക (കോടിയിൽ)
1991-92	1122.10
1992-93	1305.59
1993-94	1533.24
1994-95	1864.93
1995-96	2285.96

കർഷകർക്കായി അനുവദിച്ച നികുതി ഇളവുകൾ

60 (1291) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly